LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നഗരങ്ങളിലെ പച്ചപ്പ് നിലനിർത്തുന്നതിന്റെ ഭാഗമായി പാതയോരങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന വഴിയോരത്തണൽ പദ്ധതി 2007 മുതൽ സോഷ്യൽ ഫോറസ്ട്രി വിഭാഗം മുഖേന നടപ്പിലാക്കിവരുന്നു. ഇപ്രകാരം നട്ടുപിടിപ്പിച്ച വൃക്ഷത്തൈകൾ ട്രീഗാർഡുകൾ വച്ച് സംരക്ഷിക്കുകയും ആവശ്യമായ പരിചരണ പ്രവൃത്തികൾ നടത്തിവരിയും ചെയ്യുന്നു. കൂടാതെ ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നഗര പ്രദേശങ്ങളിലെ കോളേജുകൾ, സ്കൂളുകൾ, മറ്റ് സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ വൃക്ഷവത്ക്കരണം നടത്തുന്നുണ്ട്. പരിസ്ഥിതി വകുപ്പുമായി സഹകരിച്ച് തിരുവനന്തപുരം ജില്ലയിലും കോട്ടയം ജില്ലയിലെ കോടിമത എന്ന സ്ഥലത്തും നഗരവത്ക്കരണ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) റോഡുവക്കിലും സർക്കാർ ഭൂമിയിലുമുള്ള മരങ്ങൾ സംരക്ഷിക്കേണ്ടത് അതാത് ബന്ധപ്പെട്ട വകുപ്പുകളാണ്. സാമൂഹ്യവനവൽക്കരണ വിഭാഗം മുഖേന നടപ്പിലാക്കിയ വഴിയോരത്തണൽ പദ്ധതി പ്രകാരം നട്ടുപിടിപ്പിച്ച വൃക്ഷത്തൈകൾ സംരക്ഷിക്കുന്നതിനായി ആവശ്യമുള്ളിടങ്ങളിൽ ട്രീ ഗാർഡുകൾ സ്ഥാപിക്കുകയും ചെയ്യുന്നു. കൂടാതെ ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്/ബ്ലോക്ക് പ്ലാന്റിംഗ് എന്നീ പദ്ധതിയിൻ കീഴിൽ സർക്കാർ ഭൂമികളിൽ തദ്ദേശീയമായ വിവിധയിനം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നു.

(സി) പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് നിർമ്മാണ പ്രവൃത്തികൾക്കൊപ്പം ഗതാഗതത്തിന് തടസ്സം വരാത്തവിധം അനുയോജ്യമായ മരങ്ങൾ നട്ടുപിടിപ്പിക്കാനുള്ള പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ റോഡുവക്കുകളിൽ ഗതാഗതത്തിന് തടസ്സമുണ്ടാകാത്തവിധത്തിൽ വഴിയോരത്തണൽ പദ്ധതി പ്രകാരം സാമൂഹ്യവനവൽക്കരണ വിഭാഗം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നുണ്ട്.

വനോൽപ്പന്നങ്ങളുടെ വിപണനം

178(5767) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനോൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ : വിശദമാക്കാമോ :

(ബി) വനപ്രദേശങ്ങളിലെ തടികളുടെ ലേലം യഥാസമയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചെറുകിട വനവിഭവങ്ങളുടെ വിപണനത്തിനായി വനം വകപ്പ് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമാണ് വനശ്രീ. വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്മെന്റ് കമ്മറ്റികൾ എന്നിവ വഴി ആദിവാസികൾ കാട്ടിൽനിന്നും ശേഖരിക്കുന്ന ചെറുകിട വനവിഭവങ്ങൾ ന്യായവില നൽകി വാങ്ങി അവയിൽ നിന്നും തയ്യാറാക്കുന്ന ഗുണമേന്മയുള്ളവിഭവങ്ങൾ വനശ്രീ എന്ന ബ്രാൻഡു നൽകി വിപണനം ചെയ്യുന്നു. സംസ്ഥാനത്ത് നിലവിൽ 2 മൊബൈൽ യൂണിറ്റുകൾ ഉൾപ്പെടെ 37 വനശ്രീ വിപണന കേന്ദ്രങ്ങൾ, 23 വനവികാസ ഏജൻസികളിലായി പ്രവർത്തിച്ചുവരുന്നു. ഗുണമേന്മ വരുത്തി ഇടനിലക്കാരില്ലാതെ വനശ്രീ വഴി വനവിഭവങ്ങൾ വിൽക്കുന്നതിലൂടെ ആദിവാസികൾക്ക് മെച്ചപ്പെട്ട വിലയും മൂല്യ വർദ്ധനവിലൂടെ ലാഭവിഹിതവും ലഭിക്കുന്നുണ്ട്.

ഓണം, റംസാൻ, ക്രിസ്മസ് മേളകൾ, പ്രദർശനങ്ങൾ എന്നിവയോടനുബന്ധിച്ച് വനശ്രീ സ്റ്റാളുകൾ തുറന്ന് വനവിഭവങ്ങൾ വിപണനം നടത്തുന്നുണ്ട്. കൂടാതെ സംസ്ഥാനത്തൊട്ടാകെയും സംസ്ഥാനത്തിനു പുറത്തും നടക്കുന്ന വിവിധ മേളകൾ, എക്സിബിഷനുകൾ, ട്രെയിഡ് ഫെയറുകൾ എന്നിവ വഴിയും വനശ്രീയുടെ വനവിഭവങ്ങൾ നിലവിൽ വിപണനം നടത്തിവരുന്നുണ്ട്.

(ബി) വനപ്രദേശങ്ങളിലെ തടികളുടെ ലേലം, ഇ-ലേലം മുഖേന യഥാസമയത്ത് നടത്തിവരുന്നുണ്ട്. കലണ്ടർ വർഷപ്രകാരമാണ് ഇ-ലേല തീയതികൾ നിശ്ചയിക്കുന്നത്. ജനുവരി 2015 മുതൽ ഡിസംബർ 2015 വരെ എല്ലാ മാസങ്ങളിലും ശരാശരി 20 പ്രവൃത്തി ദിവസങ്ങളിലായാണ് ഇ-ലേലം ടിംബർ സെയിൽസ് ഡിപ്പോകളിൽ നടത്തിവരുന്നത്. ടെറിട്ടോറിയൽ ഡിവിഷനുകളുടെ കീഴിലെ ഡംബിംഗ് ഡിപ്പോകളിലും ഇ-ലേലം നടത്തിവരുന്നുണ്ട്. തുടർന്നും ടി നടപടികൾ യഥാസമയം നടത്താൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ആനവേട്ടയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ

179(5768) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാറ്റൂർ വനം ഡിവിഷനിലെ ആനവേട്ടയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കേസുകളിൽ എത്ര പേരെ പ്രതികളായി കണ്ടെത്തിയിട്ടുണ്ടെന്നും എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;